നിലാവ്

Digital Magazine

VIJAYA HS PULPALLY

Content

1. ആശംസകൾ - മാനേജർ
- ഹെഡ് മിനിസ്റ്റർ 3-4

2. Littile Kites 5

3. കുഞ്ഞു ദൈവങ്ങൾ പഠിപ്പിച്ചത്.....6

4. Quotes of SHAKESPEAR.....7-8

5. അദ്യാപക വിദ്യാർത്ഥി ബന്ധം.....9-10

6. മരണമില്ലാത്ത മനസ്സുകൾ.....11

7. അമ്മ മനസ്സ്.....12

8. കാത്തിരിപ്പ്.....13

9. നിളയൊഴുകുമ്പോൾ.....14

10. ഓർമ്മകൾ.....15

11. പ്രളയാനന്തരപുഴപറയുന്നത്.....16

12. ഓർമ്മയിലെ ഓണം.....17

13. പ്രതീക്ഷയുടെ പുൽനാമ്പ്.....18

14. Quotes-Smiles 19-20

15. വിരകേരളവർമ്മപഴശ്ശിരാജ.....21

16. ആഗോളതാപനം.....22

17. You and I 23



മാനേജർ
അഡ്വ.പി.സി. ചിത്ര
വിജയ ഹയർസെക്കന്ററി സ്കൂൾ

സാങ്കേതികവിദ്യകൾ കാലാനുസൃതമായി മാറിവരികയാണ്.. മാറുന്നതിനനുസരിച്ച് സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുക എന്നത് പുതുതലമുറയ്ക്ക് അത്യാവശ്യമാണ്. സാങ്കേതികപരമായ അറിവില്ലായ്മ, സ്വായത്തമാക്കിയ അറിവിനെ പ്രകടിപിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കും.ഉപയോഗപ്പെടുത്താൻ കഴിയുന്ന എല്ലാ മേഖലകളിലും സാങ്കേതികമായ അറിവുകൾ പ്രയോജനപ്പെടുത്താൻ കഴിയണം. സാങ്കേതികമായ അറിവുകൾ പ്രയോജനപ്പെടുത്തിയാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഡിജിറ്റൽ അക്ഷരങ്ങളിലൂടെ തയ്യാറാക്കിയഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു..

അഡ്വക്കറ്റ് പി.സി.ചിത്ര മാനേജർ

മാറുന്നതിനനുസരിച്ച് സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുക എന്നത് പുതുതലമുറയ്ക്ക് അത്യാവശ്യമാണ്. സാങ്കേതികപരമായ അറിവില്ലായ്മ, സ്വായത്തമാക്കിയ അറിവിനെ പ്രകടിപ്പിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കും.ഉപയോഗപ്പെടുത്താൻ കഴിയുന്ന എല്ലാ മേഖലകളിലും സാങ്കേതികമായ അറിവുകൾ പ്രയോജനപ്പെടുത്താൻ കഴിയണം. സാങ്കേതികമായ അറിവുകൾ പ്രയോജനപ്പെടുത്തിയാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഡിജിറ്റൽ അക്ഷരങ്ങളിലൂടെ തയ്യാറാക്കിയഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു..

ബിന്ദു ജി Headmistress

Signature

Littlekites

Littlekites IT club is a unique initiative of KITE which feature over 1 lakh student members .Little kites is set to become the largest student IT network in the country.Honorable Chief Minister Shri pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananthapuram In addition to the already identified 5 crore area more topics have been added such as Development of mobile app, programming, Robotics ,E-Commerce, e-governance, video documentation ,web TV, etc to the activity bouquet of little kites.

The aim of little kites program

*To encourage the natural interest of students in ICT fields and to create a culture for proper usage of Technology and Software

*To provide an opportunity for students to learn the different perspectives of ICT tools so as to make use of them for their learning activities.

*To ensure participation of students in the usage and upload upkeeping on ICT equipments at schools thereby increasing the productivity of the school in ICT enabled learning.

* To empower students to undertaken minor technical issues of ICT enabled equipments.

*To enrich students on proper and safe internet usage and Cyber security and also to inculcate the importance of language computing.

{ICT ----Information and Communication Technologies}

കുഞ്ഞു ദൈവങ്ങൾ പഠിപ്പിച്ചത്

ടീച്ചർ ..... അച്ഛനും അമ്മയും ....
കണ്ണനിറച്ചാണ് നീല്പ്.
കുടുംബ ബന്ധങ്ങൾ ഊഷ്മളമാകേണ്ടതിന്റെ ആവശ്യകത (പശ്ചാത്തലം)
പാഠം (അമ്മമ്മ)
അമ്മ പറയുന്നു - എന്റെ കൂടെ - അച്ഛ നും അങ്ങനെ തന്നെ.
സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ വളരെ ശരിയെന്ന് നാട്ടുകാർ തെറ്റും ശരിയും മാറ്റി നിർത്തിയാൽ .... നിറഞ്ഞ കണ്ണുകൾ ആഗ്രഹിച്ചത്.... ആരെങ്കിലും ഒന്ന് ചേർത്ത് നിർത്തണംന്നായിരുന്നു.

☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆

അച്ചടക്കത്തിന്റെ രസമാപിനിയിൽ എന്തിനാണീ ഇൻസുലേഷൻ ?
ജോമിറ്റിന്റെ എന്നോടുള്ള ചോദ്യത്തിനു _ ചൂരലില്ലാതെയും അച്ചടക്കമുള്ള ക്ലാസ്സുകളാകാൻ ടീച്ചർ നന്നായി പാഠങ്ങൾ ഒരുങ്ങിത്തന്നെ വന്ന് ബോറാക്കാതിരുന്നാൽ മതി എന്ന് എനിക്ക് ക്ലാസ്സെടുത്തത് വൃന്ദ യാണ്.

☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆

പിറ്റേന്ന് _
മൂന്ന് കുഞ്ഞിപ്പെങ്ങൻമാരുടെ കുഞ്ഞാ ങ്ങള 8 -ാംക്ലാസ്സുകാരൻ കുലിപ്പണിക്ക് പോയിരിക്കുന്നു.-- നിത്യവൃത്തിക്ക് തന്നെ .
തലേന്ന് --
" ഏതൊന്നറിഞ്ഞാൽ മറ്റെല്ലാമറിയാ-
മാവേദം വിശപ്പെന്നറിഞ്ഞു കൊണ്ടാൽ "
അവന്റെ മുമ്പിൽ വല്യ 'ടീച്ചർ'--- ഞാൻ ആടിയും പാടിയും തീർത്ത കവിത.
ഇന്ന് ---
ഗൃഹപാഠം അവതരണം: -'വിശപ്പ് 'ഒരു കഥാപാത്രം തന്നെയായികേച്ചേരി ഈ കവിതയിൽ അവതരിപ്പിക്കുന്നുവോ ?
സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കൽ
കഥാനായകൻ ഗൃഹപാഠം ചെയ്തിരുന്നില്ല.

☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆ ☆

അവന്റെ പുഞ്ചിരിയുടെ മാസ്മരികതയിൽ അച്ഛന്റെ ഒരോ രാത്രിയുടെയും മദ്യപാനത്തിന്റെ കണ്ണീർ നനവ് കൂടിയുണ്ടെന്ന് കണ്ടെത്തിയതും.....
നമ്മുടെ ക്ലാസ്സിൽ ഇത്ര ഭംഗിയായി ചിരിക്കുന്ന മറ്റൊരാളില്ലെന്ന് തിരിച്ചറിഞ്ഞതും എന്റെ കുഞ്ഞു ദൈവം നന്ദുവാണ് ..... നമ്മളായിട്ട് അവന്റെ ചിരി തല്ലിക്കെടുത്തരുതെന്ന കൂട്ടിച്ചേർക്കൽ കൂടിയായപ്പോൾ.....

ഈ വേഷം ഉള്ളിടത്തോളം കാലം ഈ കുഞ്ഞു ദൈവങ്ങൾ എനിക്കിങ്ങനെ തിരിച്ചറിവുകൾ തന്നു കൊണ്ടേയിരിക്കും.
പള്ളിക്കുടത്തൊരു പള്ളിക്കൂടം -- സ്വപ്നമായിരുന്നു.-- തിരിച്ചറിഞ്ഞിരിക്കുന്നു -- ഇത്രയും ദൈവങ്ങൾ ഓടി നടക്കുന്നിടം ഇതു തന്നെ യഥാർത്ഥ ദേവാലയം --- തിരിച്ചറിവുകൾ തരുന്നിടം ഞാൻ ഞാനല്ലാതാകുന്നിടം

നൈസി ജോസഫ്

Signature

QUOTES SHAKESPEAR

“Wise men never sit and wait there loss,but cheerily seek how to redress their harms.”

“All the worlds stage and all the men and women in it merely players .They have there exists and there entrances ,and one men in his time place many parts.”

“Man, proud man,dressed in a little brief authority ,plays such fantastic tricks before high heaven as make the angels weep.”

“we wound our modesty and make foul the clearness of our deservings,when of ourselves we publish them.”

BY Abhina suresh babu

8f

Signature

QUOTES

SHAKESPEAR

"Wise men never sit and wait ~~there loss,but~~ cheerily seek how to redress their harms."

"All the worlds stage and all the men and women in it merely players .They have there exists and there entrances ,and one men in his time place many parts."

"Man, proud man,dressed in a little brief authority ,plays such fantastic tricks before high heaven as make the angels weep."

"we wound our modesty and make foul the clearness of our deservings,when of ourselves we publish them."

BY Abhina suresh babu

8f

അധ്യാപക വിദ്യാർത്ഥി ബന്ധം

ഒരു വ്യക്തിയുടെ ജീവിത വിജയത്തിൽ അവൻറെ അധ്യാപകന് എന്ത് പങ്കാണ് ഉള്ളത്? ആ വ്യക്തിയെ എത്ര ഉയരത്തിൽ എത്തിക്കുവാൻ അദ്ധ്യാപകർക്ക് കഴിയും? ഒരു സാധാരണ വ്യക്തിക്ക് എത്ര സ്വപ്നങ്ങൾ കാണാമെന്നും എത്ര ഉയരങ്ങളിൽ എത്താമെന്നും നമ്മെ ബോധ്യപ്പെടുത്തിയ മഹത് വ്യക്തിത്വമാണല്ലോ ഡോക്ടർ എപിജെ അബ്ദുൽ കലാം. ഒരു ഗ്രാമമായ രാമേശ്വരത്തു നിന്ന് ഇന്ത്യയുടെ പ്രഥമ പൗരൻ, മിസൈൽമാൻ എന്നീ നിലകളിൽ ഉള്ള വളർച്ചയിൽ അധ്യാപകരുടെ വിലമതിക്കാനാവാത്ത പങ്കിനെപ്പറ്റി അദ്ദേഹം ധാരാളമായി പറഞ്ഞിട്ടുണ്ട്.

അഞ്ചു വയസ്സുള്ളപ്പോൾ രാമസ്വാമി പഞ്ചായത്ത് എലമെൻറെറി സ്കൂളിൽ തന്നെപഠിപ്പിച്ച മുത്തു അയ്യർ എന്ന അധ്യാപകനെ കുറിച്ച് കലാം പറയുന്നു. മുത്തു അയ്യരുടെ സ്നേഹം, ശ്രദ്ധ, പ്രോത്സാഹനം എന്നിവ കലാമിന് വലിയ ഉത്സാഹം നൽകി. മോശമായ കൈയക്ഷരം നന്നാവാനുള്ള അയ്യരുടെ നിർദേശങ്ങൾ സഹായിച്ചു.

കലാമിൻറെ ജീവിതത്തിന് കാഴ്ചപ്പാടും ലക്ഷ്യവും നൽകിയ ശ്രീ. ശിവ സുബ്രഹ്മണ്യ അയ്യർ എന്ന അധ്യാപകൻറെ കാര്യം വളരെ പ്രാധാന്യത്തോടെ പറഞ്ഞിട്ടുണ്ട്. സ്കൂളിലെ ഏറ്റവും മികച്ച അദ്ധ്യാപകരിൽ ഒരാളായിരുന്ന ശിവ സുബ്രഹ്മണ്യ അയ്യർ.

അഞ്ചാം ക്ലാസിൽ ഒരു ദിവസം പക്ഷി എങ്ങനെ പറക്കുന്നു എന്ന് വിദ്യാർത്ഥികൾക്ക് വിശദീകരിക്കുകയായിരുന്ന അയ്യർ. പക്ഷിയുടെ ചിറക് , വാല്, ശരീരം, തല ഇവയുടെ രേഖാചിത്രങ്ങൾ വരച്ച് സവിസ്തരം ക്ലാസ്സ് എടുത്തു. പക്ഷികൾ എങ്ങനെ പറന്നുയരുന്നു, ദിശ എങ്ങനെ മാറുന്നു കൂടാതെ 10, 20, 30 കൂട്ടങ്ങളായി എങ്ങനെ പറക്കുന്നു എന്നെല്ലാം വിശദമാക്കി. ഏകദേശം 25 മിനിറ്റ് നീണ്ട ആ ക്ലാസിനുശേഷം പാഠഭാഗം മനസ്സിലായോ എന്ന അദ്ധ്യാപകൻറെ ചോദ്യത്തിന് ഇല്ല എന്നായിരുന്ന കലാം അടക്കമുള്ള വിദ്യാർഥികളുടെ മറുപടി. ഈ അയ്യർ നിരാശനായില്ല.

അന്ന് വൈകുന്നേരം ശിവ സുബ്രഹ്മണ്യ അയ്യർ തൻറെ വിദ്യാർത്ഥികളെ കൂട്ടി കടൽ തീരത്ത് പോയി. അവിടെ ധാരാളം പക്ഷികൾ പറക്കുന്നുണ്ടായിരുന്നു. തൻറെ പ്രഭാതത്തിലെ ക്ലാസ് ഒരിക്കൽ കൂടി മോളെ അയ്യർ കുട്ടികൾക്ക് വിശദീകരിച്ചു. 15 മിനിറ്റ് നീണ്ടുനിന്ന ആ ലൈവ് പ്രാക്ടിക്കൽ ക്ലാസ്സിലൂടെ വിദ്യാർത്ഥികൾക്ക് പാഠഭാഗം പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിഞ്ഞു. അന്ന് വൈകുന്നേരത്തെ ആ ക്ലാസ് ബാലനായ കലാമിന് തൻറെ ഉപരിപഠന വിഷയം വിമാനവുമായി ബന്ധപ്പെട്ടത് ആകണം എന്ന ചിന്തയും ആഗ്രഹവും നൽകി. റോക്കറ്റ് എൻജിനീയറിങ്, സാങ്കേതിക വിദഗ്ധൻ, തുടർന്ന് ഇന്ത്യയുടെ പ്രഥമ പൗരൻ എന്നീ മേഖലകളിലേക്ക് വളരുവാനുള്ള ഊർജ്ജം പകർന്നത് സ്വപ്നങ്ങൾക്ക് ചിറക് നൽകിയത് ശ്രീ ശിവ സുബ്രഹ്മണ്യൻ എന്ന അധ്യാപകനാണ്.

അബ്ദുൽ കലാമിന് തൻറെ അദ്ധ്യാപകരിൽ നിന്ന്

ലഭിച്ച സ്നേഹം, പ്രോത്സാഹനം, ലക്ഷ്യബോധം എന്നിവ പതിന്മടങ്ങായി അദ്ദേഹം ഇന്ത്യയുടെ യുവജനങ്ങൾക്ക് തിരികെ നൽകി. കലാമിൻറെ ഡ്രൈവർ കം അസിസ്റ്റൻറ് ആയിരുന്ന വി കതിരേശൻ ഇതിന് ഉത്തമ ഉദാഹരണമാണ്. ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് ലബോറട്ടറി ഹൈദരാബാദിൽ കലാമിൻറെ ഡ്രൈവറായി അഞ്ചര വർഷം കതിരേശൻ ജോലി ചെയ്തു.

കതിരേശൻ ധാരാളമായി പത്രം, മാസിക, ബുക്കുകൾ എന്നിവ വായിക്കുന്ന വ്യക്തിയാണെന്ന്

ക ലാം മനസ്സിലാക്കി. കുടുംബത്തിലെ ദാര ിദ്ര്യായാവസ്ഥയും ഇംഗ്ലീഷ് ഭാഷ വശമില്ലാത്തതും കാരണം പത്താം തരത്തിൽ തോറ്റ വ്യക്തിയാണ് കതിരേശൻ. കതിരേശൻറെ സ്വപ്നങ്ങളും അഭിലാഷങ്ങളും കലാമിന് മനസ്സിലായി. അബ്ദുൽ കലാമിൻറെ സഹായത്തോടെ കതിരേശൻ ഇംഗ്ലീഷ് പഠിച്ചു. തുടർ വിദ്യാഭ്യാസത്തിന് വേണ്ടുന്ന പ്രോത്സാഹനം, പ്രചോദനം, സാമ്പത്തിക സഹായം എന്നിവ കലാം നൽകി.

മുൻപ് പത്താം ക്ലാസ്സിൽ തോറ്റ ഇംഗ്ലീഷ് പരീക്ഷ എഴുതി വിജയിച്ചു. തുടർന്ന് പ്ലസ് ടു, ബി എ ഹിസ്റ്ററി, എം എ ഹിസ്റ്ററി എന്നിവയും വിജയകരമായി പൂർത്തിയാക്കി. പകൽ സമയം ജോലിയും രാത്രികളിൽ പഠനവുമായി വിദൂര വിദ്യാഭ്യാസത്തിലൂടെയാണ് ഈ കോഴ്സുകൾ പൂർത്തിയാക്കിയത്.

തുടർന്ന് ജോലി രാജിവച്ച് കതിരേശൻ ചരിത്രത്തിലെ പിഎച്ച്ഡിയും നേടി സേലം ജില്ലയിലെ അകിക്കർ അണ്ണാ ഗവൺമെൻറ് ആർട്സ് കോളേജിൽ അസിസ്റ്റൻറ് പ്രൊഫസർ ആയി ജോലിയിൽ പ്രവേശിച്ചു. ചിലപ്പോൾ ഒരു ഡ്രൈവർ മാത്രമായി തുടരുമായിരുന്ന കതിരേശൻറെ ജീവിതം മാറ്റിമറിച്ചത് അബ്ദുൽ കലാമിനെ പ്രേരണയും പ്രോത്സാഹനവും കൊണ്ടാണ്. സംസ്കൃതഭാഷയിൽ ഗുരു എന്ന വാക്കിൻറെ അർത്ഥം ഗു എന്നാൽ അന്ധകാരം രു എന്നാൽ രക്ഷിക്കുന്നവൻ എന്നുമാണ്. അദ്ധ്യാപകൻ വഴികാട്ടിയും സുഹൃത്തും ആയിരുന്ന ആത്മ ബന്ധങ്ങളുടെ ആ കാലം അവസാനിക്കുകയാണോ? പവിത്രമായ ഗുരുശിഷ്യ ബന്ധത്തിൽ പോരായ്മകളും പാകപ്പിഴകളും വന്നിട്ടുണ്ട്. അധ്യാപനം ഒരു ജോലി മാത്രമായി കാണുന്ന പേരിൽ വിരലിൽ എണ്ണാവുന്ന വ്യക്തികളും ഉണ്ട് എന്നത് വിസ്മരിക്കുന്നില്ല. കുട്ടികൾക്ക് ഉണ്ടാകുന്ന തെറ്റുകളും വീഴ്ചകളും ചൂണ്ടിക്കാണിക്കുകയും തിരുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്ന അധ്യാപകരെ ചെറിയൊരു വിഭാഗം കുട്ടികളെങ്കിലും അസഹിഷ്ണതയോടെയാണ് കാണുന്നത്. തെറ്റു ചെയ്യുന്ന വിദ്യാർഥിയെ ശാസിക്കുന്നതിന് പ്രതികാരമായി അദ്ദേഹത്തിൻറെ വാഹനം നശിപ്പിക്കുക, പരീക്ഷയിൽ കോപ്പിയടി തടയുന്ന അധ്യാപകനെ മർദ്ദിക്കുക ഇത്തരം വാർത്തകൾ കേരളത്തിൽ ധാരാളമായി കേൾക്കേണ്ടി വരുന്നു. വിദ്യാഭ്യാസത്തെപ്പറ്റി ചൈനീസ് തത്വചിന്തകനായ കൺഫ്യൂഷ്യസ് പറയുന്നു " നിങ്ങളുടെ പദ്ധതി 1 വർഷത്തേക്ക് ആണെങ്കിൽ നെല്ല് കൃഷി ചെയ്യുക. നിങ്ങളുടെ പദ്ധതി 10 വർഷം മുന്നിൽകണ്ടാണെങ്കിൽ മരങ്ങൾ നടുക. എന്നാൽ നിങ്ങളുടെ പദ്ധതി 100 വർഷത്തേക്ക് ഉള്ളതാണെങ്കിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക". പൗരാണിക സമൂഹം പോലും വിദ്യാഭ്യാസത്തിന് എത്ര പ്രാധാന്യം നൽകിയിരുന്നു എന്ന് ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

ഒരു സമൂഹത്തിൻറെ വളർച്ചയും ഉയർച്ചയും

അറിയണമെങ്കിൽ ആ സമൂഹത്തിൻറെ വിദ്യാഭ്യാസനിലവാരം മനസ്സിലാക്കിയാൽ മതി. മനുഷ്യത്വം ,നല്ല മനോഭാവം, ജ്ഞാനം ,നൈപുണ്യം, ജിജ്ഞാസ, അച്ചടക്കം, ജനാധിപത്യബോധം, മതനിരപേക്ഷത ഇത്തരം ഗുണങ്ങൾ എല്ലാം ലഭിക്കുന്നത് വിദ്യാഭ്യാസത്തിലൂടെ ആണല്ലോ. അധ്യാപക വിദ്യാർത്ഥി ബന്ധത്തിൽ ഉണ്ടാകുന്ന അകൽച്ച, തകർച്ച എന്നാൽ വിദ്യാഭ്യാസമേഖലയിലെ മൂല്യത്തകർച്ച എന്നാണ്. വിദ്യാഭ്യാസ മേഖലയിലെ മൂല്യത്തകർച്ച ആധുനിക സമൂഹത്തിൻറെ, മനുഷ്യകുലത്തിന്റെ തന്നെ തകർച്ചയ്ക്കും കാരണമാകും.

ബിനോയ് മാത്യു.

മരണമില്ലാത്ത മനസ്സുകൾ

മഴയായ് പെയ്തു.....

പുഴയായ് ഒഴുകി.....

കൊടും ക്രൂരമായി മഴയായി പെയ്തു നീ....

കണ്ണീർ തളങ്ങൾ വീഴുമീ മണ്ണിൽ

വിത്തുപോൽ പൊട്ടീടും മനുഷ്യരെ,

നിങ്ങളുടെ ജീവനെടുക്കാൻ

മരണമായ് വന്ന മഴയെ നീ.

മരിക്കില്ലൊരിക്കലും

മരിക്കാതിരിക്കുമില്ലൊരിക്കലും

മരണത്തിൻവാതിൽ തുറക്കും വരെ ', (2)

മിന്നാമിന്നി കൂട്ടമാം നമ്മെ

നോവിക്കാൻ എത്തും കഴുകനായ് വന്ന
നീ,

തളരില്ല നമ്മൾ

ഉയരുന്നു വീണ്ടും ദുഃഖമില്ലാതെ നാം ...(2)

മരിക്കാത്ത മനസ്സുമായ് ഉയരുന്ന വീണ്ടും.....

അതുല്യ. കെ.എസ്.
ആരതി രാജ് 9 B

Signature

കവിത -

അമ്മ മനസ്സ്

അരുമക്കിടാവേ, എൻ കിളിമകളെ
ഒരു മുത്തം താ പൊൻ മകളെ
എന്ന് വിളിച്ച് ഓടിയെത്തും
എന്നെ അമ്മ തന്നെ സർവ്വം
അടുക്കളയിൽ അമ്മ പുക കൊണ്ടു
നീറുമ്പോൾ ചുട്ടുപഴുത്ത കനലുകൾ
കോരുമ്പോൾ,
നീറുന്നെൻ മനം ,നിറയുന്നെൻ നയനം
തേനിറ്റു വീഴുന്ന അമ്മ തൻ സ്നേ ഹം
മറക്കാനാവാത്ത അമ്മയുടെ സ്നേഹം
എൻ മനസ്സിൽ കുളിർതഴുകി
നിൽക്കുന്നു.
പിഞ്ച് മനസ്സ് നൊന്താൽ കരയുന്ന
അമ്മതൻ മനസ് അത് തന്നെ സർവ്വം
അമ്മയുടെ സ്നേഹം അത് തന്നെ വലുത്

സ്നേഹ മരിയ 9 H

Signature

കവിത

കാത്തിരിപ്പ്

അറിയാതെ മായുകയാണ് നീ
എൻ അരികിൽ നിന്നും
കത്തും ചിന്തയിൽ പൊള്ളു മനസ്സിൽ
എരിയും ഓർമ്മ തൻ തീജ്വാലയാണ് നീ
മഴ കാത്തു കഴിയുന്ന വേഴാമ്പൽ പോൽ
നിൻ വരവിനായി കാത്തിരുന്ന ഞാൻ
പക്ഷേ അകലുകയാണു നീ എന്നിൽ നിന്നും
എൻ സ്നേഹത്തിൻ വിലയറിയാതെ
കാണാനായി കാത്തിരിക്കുന്ന കണ്ണു പോൽ
എൻ ഹൃദയവും തുടിച്ചിരുന്ന നിനക്കു വേണ്ടി
പക്ഷേമനസ്സിലാക്കിയില്ല നീ എന്നെ
എന്റെ ഹൃദയത്തെ
സൂര്യനായി കാത്തിരിക്കുന്ന താമര പോൽ
ചന്ദ്രനായി കാത്തിരിക്കുന്ന ആമ്പൽ പോൽ
പൂമ്പാറ്റക്കായി കാത്തിരിക്കുന്ന പൂവ് പോൽ
നിൻ വരവിനായി കാത്തിരിക്കുന്ന ഞാനും
നിന്നോടുള്ള സ്നേഹം അംശം പോൽ അണയാതെ
നിന്റെ വിരഹത്താൽ ഒരു മെഴുകുതിരി പോൽ എരിയുകയാണിവിടെ
പേമാരി പോൽ കണ്ണീർ മഴയത്ത് നനയുകയാണിവിടെ
നിന്നെയും ഓർത്തുകൊണ്ട് ഞാൻ നിൻ കൂട്ടുകാരി

അദ്വൈത സുരേന്ദ്രൻ 9 B

നിളയൊഴുകുമ്പോൾ

എൻ മിഴിയിൽ നിറയും അഴകായവൾ
എന്നും എനിക്കൊരു തുണയായ് വന്നു.
ആ നന്ദ പൂർണ്ണമാം ആ ദിനങ്ങൾ
ജീവിത മതിലൊരു വേദനയായവൾ
നിളയൊഴുകി പേരിന്നതു പോലൊരു നാളിൽ
പോട്ടെന്നു ള്ളൊരു വേദന തന്നു.
അമ്മ തൻ മിഴിയിലെ കണ്ണു നീരെന്നും
കോപം കൊണ്ട് കുത്തിയൊഴുകും നിളയായ്
അവളത് വേദന സഹിക്കാതെ ന്നിവൾ
ഭ്രമിയിൽ ശാപമായ് തീരുന്നൊരു നാൾ
ഒരു പിഞ്ചു പൈതലെന്ന പോലെ
നൻമ ഹൃദയങ്ങളെ ഉണർത്തിയ വഴിത്താരയായ്
ഓർക്കുന്നു വീണ്ടും ആ അമൃതവർഷത്തെ
പുതിയൊരു സങ്കൽപമാം സ്വപ്നത്തെ
പൂ ഘിയിൽ ഉണർത്തിയ വ രൊന്നായ്
ഒരിക്കലും വളരാത്ത മോഹിനിയെ
വീണ്ടും ഉണർത്താൻ ചുവടുകൾ വെച്ചു.
മധുരം നുകരും നിളയുടെ വേദന
എന്നും നാടിന്റെ നൊമ്പരമായ് അനന്തമായ്.

സുനിത.കെ.ആർ 8 H

ഓർമ്മകൾ

തേങ്ങിക്കരഞ്ഞുകൊണ്ടവൻ
ജാലകപ്പഴുതിലൂടെത്തി നോക്കവേ ....
ജാലകപ്പഴുതിലെ പക്ഷി പതിയെ ചിലച്ചു.
ചിലക്കെ ചലക്കെ ചോദിച്ചു
ആരാണത്..... ആരാണത്- .....
തേങ്ങലടക്കി കൊണ്ടവൻ പതിയെ മന്ത്രിച്ചു.
ഓർമ്മകളാണത്. ..... ഓർമ്മകൾ
ജീവിത പാതയിലേക്ക് വീണ്ടും നാം
തിരിഞ്ഞു നോക്കവേ...
നമ്മുടെ കണ്ണിനെ ഈറനണിയിക്കുന്ന
ഓർമ്മകൾ .....

സങ്കടങ്ങളെ മാത്രം പേറി
സന്തോഷങ്ങളെ അകറ്റുന്നവൾ.
സങ്കടങ്ങളെ മാത്രം പേറി
നമുക്കായ് കാത്തുവെക്കുന്നവൾ
ഓർമ്മകൾ:.....

തേങ്ങലടക്കാനാവാതെ ഇടറിയ
തൊണ്ട കൊണ്ടവൻ പറഞ്ഞു
ജീവിതമെന്ന സർക്കസിൽ
കാണികളെപ്പോലും കോമാളിയാക്കുന്ന
കോമാളിയാണവൾ'.....
ഓർമ്മകൾ.....
സന്തോഷങ്ങളെ ആട്ടിപ്പായി ച്ച്
സങ്കടങ്ങളെ പെറ്റെടുക്കുന്ന
ഒരമ്മയാണവൾ.....
ഓർമ്മകൾ.....

ഓർമ്മകളുടെ ഏറ്റവും വലിയ കളി
അവയ്ക്കൊരു വിനോദ മുണ്ട്
വിശിഷ്ടമായവയെ എടുത്തെറിഞ്ഞ്
വേദനിപ്പിക്കുന്നവയെ കാത്തുവെക്കും
അവൻ പറഞ്ഞു.....

അതും പറഞ്ഞു കൊണ്ടവൻ
ജാലകപ്പഴുതിലേക്കെത്തിനോക്കവേ
ചിലച്ചു കൊണ്ടിരുന്ന പക്ഷി

കവിത

പ്രളയാനന്തരംപുഴപറയുന്നത്

ശാന്തമായി ഒഴുകുന്നകബനി തൻ തീരത്ത്
ശോ കാർത്തരായികദനങ്ങൾ പങ്കിടുമ്പോൾ
വിയർപ്പിൻ കണങ്ങളാൽ നേടിയതൊക്കെയും
പുഴ കവർന്നിരിക്കുന്നുക്രുദ്ധരായി
ദുഃഖ ഭാരത്തിൻകയത്തിൽ കറങ്ങവേ
പുഴയെ ശപിച്ച് തീ വാക്ക് ചീറ്റവേ
ആരറിയുന്നു മഹാനദീനിൻ വ്യഥ
ക്രൂരമു നെഞ്ചിൽ ത്തറച്ചോരു നിൻ കഥ
ചൂഷണോപാധിയായി പുഴകളെ കണ്ടവർ
പാഷാണ ദ്രവ്യങ്ങൾ നീറ്റിൽ കലക്കി യോർ
തടയണക്കെട്ടിന്റെ ബന്ധനം തീർത്തവർ
വെള്ളം വെളിച്ചമായി നേട്ടങ്ങൾ കൊയ്തവർ
കദന ഭാരം അസഹ്യമായന്നു നീ
കരകേറിയാർത്തലച്ചെത്തിയെന്നോ
കരുതി വെച്ചെന്നോ നിൻ ഗർഭപാത്രത്തിൽ
കാലനായൊഴുകുമൊരു പ്രളയ ഭ്രൂണം
പ്രകൃതിയ്ക്കുമേലെ നാം നേടിയോ വിജയങ്ങൾ
പ്രതിക്രിയ തീർത്തു വോ പ്രകൃതിയ ശാന്തയായ്
ആർക്കും തടയുവാനാവാതെയീവിധം
ദി ക്കുനാലും പാഞ്ഞുവോ പ്രളയത്തിൻ തീക്ഷ്ണത
മലവെള്ളപ്പാച്ചിലിൽ കേട്ടതാമൊച്ചകൾ
ഹേനദീനിന്റെ രോഷങ്ങളായിരുന്നോ?
ഭൗമ കായത്തിന്റെ നാഡീഞരമ്പുകൾ നദികൾ
എന്ന നേരായ സത്യത്തെ വിസ് മരിക്കാവതോ?
നദി തിന്നസ്വപ്നങ്ങളൊക്കെയുമോർക്കു കിൽ
നദി തന്ന സൗഭാഗ്യം തന്നെയല്ലേ !
നെറികെട്ട കാലത്തിൻ ഭിത്തി പത്രങ്ങളിൽ
നിറയട്ടെ നേരായ നദി പുരാണം
ഒഴുകുക ഹേ നദീ, സ്വച്ഛമാം ശാന്തമാർഗേ
കഴുകുക മനുജന്റെ ദുശ്ശാഠ്യ മനസ്സുകൾ
അറിയട്ടെ മർത്ത്യർ നിൻ കഥകളും വ്യഥകളും
നിറയ്ക്കുക ഞങ്ങളിൽ നദീതട സംസ്കാര ചിന്തകൾ

വി.കെ.സന്തോഷ് കുമാർ .

ഓർമ്മയിലെ ഓണം

ഓണക്കുളിരണിഞ്ഞോണനിലാവത്ത്
ഓടിക്കളിക്കുന്ന ബാല്യകാലം
ഒക്കത്ത് പാട്ടായി ഓർമ്മയിൽ ത്തങ്ങുന്ന
ഓണപ്പുലരിതൻ ബാല്യകാലം
ഇപ്പോഴി നാടിന്റെ മാറ്റത്തെ ഓർത്തോർത്ത് -
പ്പൊട്ടിക്കരയുന്നു ഭൂമിദേവി
പാടുവാനൊട്ടെ നിക്കുണ്ടെന്നറിഞ്ഞിട്ടും
പാടാതിരിക്കുന്ന പക്ഷിക്കൂട്ടം
ശ്രാവണ പുഷ്പങ്ങൾ ഓണനിലാവിന്റെ
കാലൊച്ച കേൾക്കുവാൻ കാത്തു നിന്നു
നാവേറുപാടുന്ന പുള്ളുവ വീണയും
പാട്ടറിയാതെ മയങ്ങി നിൽപ്പൂ
വീണ്ടുമെൻ ഓർമ്മയെ പുൽകി യുണർത്തുന്നു
ഓർമ്മ തുളുമ്പുന്ന ബാല്യകാലം
കാലത്തെഴുന്നേറ്റുണർന്നാലുടൻ തന്നെ
മാവേലി മന്നനെ പൂജിക്കുന്നു
കല്ലിലും മുള്ളിലും കാലിടറാതങ്ങു
പൂക്കളെ തേടി നടന്നീടുന്നു
മുക്കുറ്റി തുമ്പയും ഓണപ്പുവൊക്കയും
മഞ്ഞണിഞ്ഞാ പുലർവേളകളിൽ
മന്നനെ വരവേൽക്കാൻ മന്ദസ്മിതം പൂണ്ടു
മന്നിതിൻ മീതെ നിരന്നു നിന്നു,
ഓണപ്പുടവ ഞൊറിഞ്ഞ ടുത്തെത്തുന്നു
ഓണപ്പുലരിയിൽ മാരുതനും
പച്ചടി കിച്ചടി സാമ്പാറുമറ്റു മ-
ങ്ങൊപ്പത്തിനൊപ്പം മികച്ചതായി
ഉപ്പേരി പപ്പടം പായസമെന്നിവ
ഓണത്തിൻ ഓർമ്മയായ് നാവിതിപ്പോൾ
ഓണക്കുളിരണിഞ്ഞോണനിലാവത്ത്
ഓടിക്കളിക്കുന്ന ബാല്യകാലം
എന്തു മധുരമീ ഓർമകളൊക്കെയും
ചിന്തിക്കുന്തോറുമെൻ മാനസത്തിൽ
പുതുമ ക്കാർ തന്നുടെ കൺകളിലൊക്കെയും
ചേതനയറ്റ വികാരം മാത്രം
ഓണവും ഓണത്തിൻ സദ്യകളൊക്കെയും
വിപണിയിൽ ലഭ്യമീ ഓണക്കാലം
ഈറനണിയുന്നൂ കണ്ണുകളൊക്കെയും
ഓണത്തെയോർക്കുമ്പോൾ അന്നുമിന്നും .

ശ്യാമള .വീ

പ്രതീക്ഷയുടെ പുൽനാമ്പ്

നാടിതു വരെ കാണാത്ത പ്രളയമാണ് കേറിയിറങ്ങിപ്പോയത്. അതിൽ നിന്ന് കരകയറാൻ ഗോപുവിനുംകുടുംബത്തിനുംഇനിയും കഴിഞ്ഞിട്ടില്ല.പ്രളയ സമയത്ത് വെള്ളത്തിലകപ്പെട്ടഅച്ഛന്റെ നിര്യാണം ഗോപുവിന്റെ അമ്മയെവല്ലാതെ തളർത്തി. വെള്ളം കയറി നശിച്ച വീട് പൊളിച്ച് ആ സ്ഥലത്ത് ഒരു താത്കാലിക ഷെഡ് വെച്ചാണ് ഗോപുവും കുടുംബവും താമസിക്കുന്നത് .

വാർദ്ധാക്യ അസുഖങ്ങളോടുകൂടിയമുത്തശ്ശിയുടെ പെൻഷനാണ് ഗോപുവിന്റെകുടുംബത്തിന്റെ ഏക ആശ്വാസം . രണ്ട് ഏക്കർ പുരയിടത്ത് ധാരാളംകൃഷി ചെയ്തിരുന്ന കർഷകനാണ് ഗോപു വിന്റെ അച്ഛൻപ്രളയം മൂലം കൃഷി നശിച്ച കാരണംഗോപുവിന്റെ കുടുംബം ദരിദ്രമായി.കൃഷിനാശവും പ്രളയവും മൂലം ഉണ്ടായ നാശ ങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഗോപുവിന്റെ അമ്മമേലധികാരികൾക്ക് നിവേദനം നൽകിയെങ്കിലും ഒരുസഹായവും ലഭിച്ചില്ല.വാർദ്ധാക്യ രോഗങ്ങൾ മൂർച്ഛിച്ച മുത്തശ്ശി ഗോപുവിനേയും അമ്മയേയുംതനിച്ചാക്കി എന്നന്നേക്കുമായി യാത്രയായി.അതോടെ ഗോപുവിന്റെ കുടുംബത്തിന്റെ ഏക ആശ്വാസവും നഷ്ടപ്പെട്ടു.

ദാരിദ്ര്യത്തിന്റെ വക്കിലെത്തിയഅമ്മ ഒരു ജോലിക്കായി ശ്രമിച്ചു.പക്ഷേ 10–ാം ക്ലാസ്സ് വിദ്യാഭ്യാസം ഉണ്ടായിരുന്നഅവർക്ക് ഒരു ജോലി കിട്ടാൻ വളരെപ്രയാസമായിരുന്നു .അങ്ങനെ ഒരു സുഹൃത്തിന്റെ നിർദ്ദേശപ്രകാരം ഒരു പ്രൈവറ്റ് കമ്പനിയിൽതുപ്പുകാരിയായി ജോലി കിട്ടി.മാസ ശമ്പളമായ തുച്ഛമായതുക കൊണ്ട് അവർ ജീവിച്ചുമെല്ലെ മെല്ലെ ഗോപുതന്റെ മുടങ്ങിപ്പോയ 8– ാംക്ലാസ്സ് പഠനം പൂർത്തിയാക്കി. ഇനിഅവർക്ക് ഒരു വീട് വേണമെന്നാണ് ആഗ്രഹം. അതിനായി ഒരു ബാങ്ക് ലോൺ ശരിയാക്കാനുള്ളതിരക്കിലാണ് ഗോപുവിന്റെഅമ്മ.ഇല്ലായ്മയുടെ മടിത്തട്ടിൽ നിന്ന് പതുക്കെ അവർ കരകയറുകയാണ്.പ്രതീക്ഷകളുടെ പുൽനാമ്പുകളുമായിഗോപുവും അമ്മയും ജീവിതംമുന്നോട്ട്നയിക്കുകയാണ്.ഇനിയൊരുപ്രളയത്തിനുംഅവരെതകർക്കാൻ ആവില്ല.

അനുപ്രിയ ഗിരീഷ് 9 H

Quotes
SMILES

*A smile is the universal welcome.

*A smile is a friend maker.

*Nothing you wear is more important than your smile.

*Peace begins with a smile.

*Nothing shakes the smiling heart.

*Beauty is power:smile is its sword.

*A smile is the best make up any girl can wear.

*Life like a mirror smile at it and it smiles back at you.

*A smile is happiness you will find right under your nose.

Aleena paulose

8A

Signature

Quotes
SMILES

*A smile is the universal welcome.

*A smile is a friend maker.

*Nothing you wear is more important than your smile.

*Peace begins with a smile.

*Nothing shakes the smiling heart.

*Beauty is power:smile is its sword.

*A smile is the best make up any girl can wear.

*Life like a mirror smile at it and it smiles back at you.

*A smile is happiness you will find right under your nose.

Aleena paulose

8A

വീരകേരളവർമ്മ പഴശ്ശിരാജ

ആ കാലത്താണ് കോട്ടയം കോവിലകത്തെ ഇളമുറത്തമ്പുരാനായ കേരളവർമ്മ പഴശ്ശിരാജ വയനാട്ടിലെത്തിയത്.വൈദേശിക ശക്തിക്കെതിരെപോരാടുന്നതിന് സൈന്യ സന്നാഹം നടത്തുകയായിരുന്ന അദ്ദേഹം.കോട്ടയം പഴശ്ശി കോവിലകത്തെഏറ്റവും ധീരനായ സന്തതിയായിരുന്ന കേരളവർമ്മ.പഴശ്ശിയിലെ പടിഞ്ഞാറേ കോവിലകത്തിൽ ഇളയരാജാവ് മാത്രമായിരുന്ന അദ്ദേഹം.ബാല്യത്തിൽ തന്നെ ഉജ്വലമായ ദേശസ്നേഹവും വീര്യവും കേരളവർമ്മ പ്രകടിപ്പിച്ചിരുന്നു.അതുകൊണ്ടാണ് രാജകുടുംബാംഗങ്ങൾ തിരുവിതാംകൂറിലും മറ്റും അഭയം തേടിയപ്പോൾ കേരളവർമ്മ വയനാടൻകാടുകളിലേക്ക് കയറിയത്.

ശ്രീപോർക്കലീ ദേവിയെ മനസ്സിൽ ധ്യാനിച്ചാണ്കേരളവർമ്മ എല്ലാദൗത്യങ്ങളും നിർവഹിച്ചത്.വയനാടൻ പോർക്കലീ ഭഗവതിയും അദ്ദേഹത്തിന്റെ ആരാധ്യദേവതയായി, വയനാട് അദ്ദേഹത്തിന്റെ കർമഭൂമിയായി.വയനാടൻ ജനതയ്ക്ക് അദ്ദേഹം പൊന്നുതമ്പുരാനായി. ധാർമികമായ വിശ്വാസങ്ങളെ അടിസ്ഥാനമാക്കി ഒരു ഐക്യംസൃഷ്ടിക്കാനാണ് പഴശ്ശിരാജ ശ്രമിച്ചത്.സ്വധർമത്തിലുള്ള പരിപൂർണ്ണ വിശ്വാസമായിരുന്നു പഴശ്ശിയുടെ പ്രേരകശക്തി.ധാർമിക വിശ്വാസത്തെ തട്ടിയുണർത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഇന്നാട്ടിന്റെ ദൈവങ്ങൾ പെരുമാളുംഭഗവതിയും നിങ്ങളുടെ മനസ്സിനെ സ്വാധീനിക്കുന്നുണ്ടെങ്കിൽ നിങ്ങളെന്നെ പരിഗണിക്കുന്നുണ്ടെങ്കിൽ നിങ്ങളിപ്പോഴാണ് സൗഹാർദ്ദം കാട്ടേണ്ടത്. നമ്മുടെ ധർമ്മത്തിന്റെ ഭാഗമായാണ് നമ്മളെല്ലാം നിൽക്കുന്നതെന്നും അദ്ദേഹം അയച്ച എഴുത്തുകളിൽ കാണുന്നു. പരമ്പരാഗതസമൂഹങ്ങളുടെ ധാർമിക വിശ്വാസത്തെ തട്ടിയുണർത്താൻ ശ്രമിച്ച മഹാനായിരുന്നു വീരകേരളവർമ്മ പഴശ്ശിരാജ.

ആഗോള താപനം

നോസറുകൾ ഭൂലോകത്ത് 16 കോടി വർഷങ്ങളോളം നിലനിന്നു.കേട്ടറിവുകളിൽ മാത്രമുള്ള ലോകാവസാനം എന്ന വസ്തുതയാണ് അവയെ ഈ ഭൂമിയിൽ നിന്ന് തുടച്ചു നീക്കിയതെന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം.ഇന്നേ വരെ 6 തവണ ഭൂമി അങ്ങോളമിങ്ങോളം പ്രളയത്താൽ ആവരണം ചെയ്തിട്ടുണ്ട്.ഇതിന്റെ ഭാഗമായിത്തന്നെയാണ് ദിനോസറുകളും ചത്തൊടുങ്ങിയത്.ഒരു പക്ഷേ ഈ ലോകാവസാനപരമ്പരയിൽ ഭക്ഷ്യക്ഷാമം തുടങ്ങി സർവതും ഉൾപ്പെടുംനാം ഇന്ന് ഉപയോഗിക്കുന്ന ഫോസിൽ ഇന്ധനങ്ങളും മറ്റും അന്ന് മണ്ണടിഞ്ഞ ദിനോസറുകളുടെ സംഭാവനയാണ്.

ആധുനിക മനുഷ്യൻ ആകാശമണ്ഡലങ്ങളിൽ വാസമുറപ്പിക്കാനും സാഗരത്തി നടിയിൽ സൗധം പണിയാനും പ്രയത്നിക്കുന്നു. തന്ത്രപരമായ അവന്റെ നീക്കങ്ങളിൽ ചില ദൃഷ്യ ഫലങ്ങൾ ജീവലോകം അനുഭവിക്കുന്നു .16 കോടി വർഷങ്ങൾ ജീവിച്ച ദിനോസറുകളുമായി ബന്ധിപ്പിച്ചാൽ രണ്ടര ലക്ഷം വർഷം മാത്രം ജീവിച്ച മനുഷ്യർ വെറും ബാല്യ ദശയിലാണ്. എന്നാൽ ഈ കാലാവധിക്കുള്ളിൽ തന്നെ നാം മനുഷ്യർ മറ്റൊരു ലോകാവസാനം കാത്തു കിടക്കുകയാണ്.

വെയിൽക്കത്തുകയാണ് . അന്തരീക്ഷത്തിൽ സൂര്യൻ താപവല വിരിച്ചിരിക്കുകയാണ്.വറചട്ടിയിൽ എന്നവണ്ണം വെന്തുരുകുകയാണ് ജീവലോകം. ഇതിനെല്ലാം കാരണം എന്താണ് ?എന്തേ ഇത്ര ഉഷ്ണം?ശരിയാണ് ഇതിനെല്ലാം കാരണം ആഗോള താപനം തന്നെയാണ്.ആഗോള താപനം എന്തെന്നറിയാൻ ഹരിത ഗൃഹ വാതകങ്ങൾ(ഗ്രീൻ ഹൗസ് ഗ്യാസ്)എന്തെന്നറിയണം. കാർബൺ ഡൈ ഓക്സൈഡ്, മീഥൈൻ, ഓസോൺ എന്നിവയാണ് ഗ്രീൻ ഹൗസ് വാതകങ്ങൾ. ഭൂമിയുടെ അന്തരീക്ഷത്തിൽ പതിക്കുന്ന താപ കിരണങ്ങൾ ഒട്ടുമിക്കതും തട്ടിത്തെറിച്ച്പോകുകയാണ് പതിവ്. അതിൽ ഭൂഗോളത്തിന്ആവശ്യമായ താപം വലിച്ചെടുക്കുകയെന്നതാണ് ഈ വാതകങ്ങളുടെ പ്രധാന ജോലി.

ഈ കഴിഞ്ഞ ഒരു നൂറ്റാണ്ടായി ഈ വാതകങ്ങളുടെ അളവിൽ വലിയ മാറ്റമുണ്ടായി.ഗ്രീൻ ഹൗസ് വാതകമായ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് അപകടകരമായ രീതിയിൽ വർധിച്ചു.വാതകത്തിന്റെ അളവ് വർധിച്ചതോടെ താപവും വർധിച്ചു.ഈ കാർബൺ ഡൈ ഓക്സൈഡ് അളവിൽ മാറ്റമുണ്ടായത്പ്രധാനമായും നഗരപ്രദേശങ്ങളിൽ ത്തന്നെയാണ്. ഏറ്റവും അധികം കാർബൺ പുറം തള്ളുന്ന രാജ്യംഅമേരിക്കയാണ്.പ്രതിവർഷം അമേരിക്ക28% കാർബണാണ് പുറന്തള്ളുന്നത്.ചൈന വെറും 9% ആണ് പുറന്തള്ളുന്നത്.കഴിഞ്ഞ 5 വർഷത്തിനിടെ വെറും 5 % മാത്രമാണ് ഇന്ത്യ പുറത്തുവിട്ടത്.പക്ഷേ ഈ വാതകങ്ങൾ ഭൂമിയുടെ ചലനമനുസരിച്ച്ഭൂമിയുടെ നാനാഭാഗങ്ങളിലും തുല്യമായി നിക്ഷേപിക്കപ്പെടുന്നു.അതിനാൽ അഞ്ചു വർഷം കൂടുമ്പോൾ അര ഡിഗ്രി സെൽഷ്യസ് വീതം താപം വർധിക്കുന്നു.2100 ആകുമ്പോഴേക്കും താപം 50 കൂടുമെന്നാണ് ശാസ്ത്രജ്ഞരുടെ കണക്ക്.ഈ വർഷങ്ങളിൽ ഭൂമി ചൊവ്വ പോലെയാകുമോ എന്നതാണ് മാനവരാശിയെ കുഴക്കുന്നത്.ഈ താപ വർദ്ധനവാണ് ആഗോള താപനം എന്നറിയപ്പെടുന്നത്.

Signature

YOU AND I

I had a dream, I got everything I wanted
Not what you think.
But,when I found her,I found me.
Standing there killing time.
Let me say,don't want to lie;
As long as Iam here no one can hurt you.
Everyday you are saying the words;
I wanted to say
so,did I started to do the right thing only?
If I can change the way which is seen;
so you would wonder why the world
Deserve you?
Everything is nothing if I can't have you.
Every minute without you feel like torture.
You are the medicine of my pain.
I am not made out of steel!
My heart can't take this anymore.
I couldn't beat it.
So love me like you do.

ATHUL KRISHNAN
10 G